(3) വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിന് 19-10-2010-ന് ദർഘാസ് ക്ഷണിച്ചപ്പോൾ കൂടിയ നിരക്ക് ലഭിച്ചതിനാൽ 31-1-2011-ന് പുനർ ദർഘാസ് ക്ഷണിച്ചു. ടി ദർഘാസിലെ നിരക്കും ഉയർന്നതായതിനാൽ ആയത് അംഗീകരിക്കാൻ കാലതാമസം വരുകയും ദർഘാസിന്റെ ഫോം പീരീഡ് അവസാനിച്ചതിനാൽ ദർഘാസുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു. പിന്നീട് പുതുക്കിയ നിരക്കിൽ സാങ്കേതികാനുമതി നൽകി 27-6-2012-ന് ക്ഷണിച്ച ദർഘാസിന് 24-9-2012-ൽ അംഗീകാരം ലഭിച്ചതിനു ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്.

(4) മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി 12-7-2013-ന് ആരംഭിച്ച് നല്ലരീതിയിൽ പുരോഗമിക്കവേ മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും 16-12-2013-ന് ഡ്രഡ്ജിംഗ് പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ ആയത് നിർത്തിവച്ചു പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ-മണൽ സംവിധാനം വഴി മണൽ നീക്കം ചെയ്യുകൊണ്ടിരിക്കുന്നു.

(സി) വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ്, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിൽ വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ് എന്നിവ 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. അപ്രോച്ച് റോഡ് നിർമ്മാണം ക്വാറി സമരംമൂലം വൈകിയെങ്കിലും 2015 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് രണ്ടുതവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. നിലവിലുള്ള അവസ്ഥയിൽ കാസർഗോഡ് മത്സ്യബന്ധന തുറമുഖം 2015 ജൂലൈ മാസത്തോടുകൂടി നാടിന് സമർപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## തുറമുഖ വകുപ്പിന്റെ 2014-15-ലെ പരിപാടികൾ

106 (111) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ, തുറമുഖ വകുപ്പിൽ ഏതെല്ലാം പരിപാടികളാണ് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നത് ;

(ബി) ഓരോ പരിപാടികൾക്കും ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2014-15-ലെ ബഡ്ജറ്റിൽ ഉറമുഖ വകുപ്പിൽ 19-ഉം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 4-ഉം ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 8-ഉം ഉൾപ്പെടെ മൊത്തം 31 പരിപാടികളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നത്. ഓരോ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദ വിവരങ്ങളും പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.*

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നല്കിയ മരാമത്ത് പണികൾ**

107 (112) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികളുടെ പേര് വിവരം, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇതിൽ നാളിതുവരെ ആരംഭിച്ച പണികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) പണി ആരംഭിക്കാത്തത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊല്ലം പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ**

108 (113) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലെ തെക്കുംഭാഗം എന്ന സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ; നാളിതുവരെ നടന്ന പഠനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.